Directorate of
Sports & Youth Affairs

SPORTS KERALA
SPORTS FOR LIFE

SPORTS KERALA FOUNDATION

GOAL
Government of Kerala
Directorate of Sports & Youth Affairs

# വൺ മില്യൺ ഗോൾ

## അരികിലെത്തുന്നു
## ആവേശപ്പന്ത്!



dsya.kerala.gov.in

# ആമുഖം

ഇന്ന് ലോകജനതയുടെ വലിയൊരു വിഭാഗം കാണുകയും പിൻതുടരുകയും ചെയ്യുന്ന ഒരു കായിക ഇനമാണ് ഫുട്ബോൾ. എല്ലാ വിഭാഗത്തിനെയും ആവേശം കൊള്ളിക്കുന്നതിനും ഒരുമിപ്പിക്കുന്നതിനും സഹായിക്കുന്ന കായിക മാമാങ്കമാണ് ലോകകപ്പ് ഫുട്ബോൾ മത്സരങ്ങൾ. 2022 നവംബർ 20ന് ഖത്തറിൽ ആരംഭിക്കുന്ന മത്സരങ്ങൾക്ക് മുന്നോടിയായി നമ്മുടെ സംസ്ഥാനത്തിലെ എല്ലാ പ്രദേശത്തുമുള്ള കുട്ടികൾക്ക് അടിസ്ഥാന ഫുട്ബോൾ പരിശീലനം നൽകി, ലോകകപ്പ് മത്സരങ്ങൾ നൽകുന്ന ഊർജ്ജം പ്രോത്സാഹനമാക്കി മികച്ച താരങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ, കായിക യുവജനകാര്യാലയം വഴി നടപ്പിലാക്കുന്ന വ്യാപക പരിശീലന പ്രചരണ പരിപാടിയാണ് "വൺ മില്യൺ ഗോൾ ക്യാമ്പയിൻ-2022". ഇതിന്റെ ഭാഗമായി കേരളത്തിലെ ആയിരം (1000) കേന്ദ്രങ്ങളിൽ 10നും 12നും ഇടയിൽ പ്രായമുള്ളവർക്ക് ദശദിന പരിശീലന പരിപാടി സംഘടിപ്പിയ്ക്കും.



# ലക്ഷ്യങ്ങൾ

- ലോകകപ്പ് 2022 നെ കുറിച്ച് എല്ലാ വിഭാഗം ജനങ്ങളിലും സന്ദേശം എത്തിക്കുക.
- തൽപരരായ കുട്ടികൾക്ക് ഫുട്ബോളിൽ ഹ്രസ്വകാല പരിശീലനം നൽകുകയും മികവ് പുലർത്തുന്നവർക്ക് വിദഗ്ധ പരിശീലനം ലഭ്യമാക്കുകയും ചെയ്യുക.
- പ്രചരണ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് സ്പോർട്സ് കൗൺസിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ/ സർക്കാരിതര യുവജന സംഘടനകൾ, വിവിധ കായിക വികസന സംഘടനകൾ, യൂത്ത് ക്ലബ്ബുകൾ, റസിഡൻഷ്യൽ അസോസിയേഷൻ എന്നിവയുടെ സഹകരണത്തോടെ പുതിയ കായിക സംസ്കാരം വാർത്തെടുക്കുക.
- ഓരോ കേന്ദ്രത്തിലും (Goal Centre) 100 കുട്ടികൾക്ക് വീതം 10 ദിവസത്തെ അടിസ്ഥാന ഫുട്ബോൾ പരിശീലനം നൽകുക (നവംബർ 11 മുതൽ 20 വരെ)
- 2022 ഫുട്ബോൾ ലോകകപ്പിന് മുന്നോടിയായി (നവംബർ-20) ഓരോ കേന്ദ്രത്തിലും പരിശീലനം നേടുന്ന കുട്ടികൾ മുഖേന എത്തിക്കുന്ന 1000 പേർ ഓരോ ഗോൾ വീതം ഗോൾ പോസ്റ്റിലേക്ക് സ്കോർ ചെയ്ത് അവരെ ഈ ക്യാമ്പയിന്റെ ഭാഗമായി മാറ്റുക.
- ഈ പ്രചരണ പരിപാടികൾക്കൊപ്പം സംസ്ഥാന സർക്കാരിന്റെ SAY NO TO DRUGS എന്ന ലഹരി വിരുദ്ധ പ്രചരണ പരിപാടിയുടെ സന്ദേശത്തിന് പരമാവധി പ്രചരണം നൽകുകയും ആരോഗ്യവും മികച്ച കായികക്ഷമതയുമുള്ളതുമായ ഒരു തലമുറയെ വാർത്തെടുക്കുക എന്ന ആശയം ഈ ക്യാമ്പയിനിലൂടെ മുന്നോട്ട് വെയ്ക്കുന്നു.

# നിർവ്വഹണ തന്ത്രം (Implementation Strategy)

സംസ്ഥാന കായിക യുവജന കാര്യാലയം സ്പോർട്സ് കൗൺസിൽ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ-കായിക സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് ഈ പരിശീലന പ്രചരണ പരിപാടികൾ നടക്കുന്നത്. ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല സ്പോർട്സ് കൗൺസിൽ /തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കായിരിക്കും. ജില്ലാതല ഏകോപനം ജില്ലാ സ്പോർട്സ് കൗൺസിലിനും, സംസ്ഥാനതല ഏകോപനം കായിക യുവജന കാര്യാലയത്തിനും സംസ്ഥാന സ്പോർട്സ് കൗൺസിലിനും ആയിരിക്കും. മികച്ച സംഘാടനത്തിനായി വിവിധതലത്തിൽ കമ്മിറ്റി രൂപീകരിച്ച് പദ്ധതി നടപ്പിലാക്കേണ്ടതാണ്. ഓരോ ജില്ലയിലുമുള്ള 72/71 കേന്ദ്രങ്ങളിൽ രണ്ട് ഫുട്ബോളും 3000 രൂപയും ജില്ലാ സ്പോർട്സ് കൗൺസിൽ മുഖേന (സംസ്ഥാനത്ത് 1000 കേന്ദ്രങ്ങൾ) വിതരണം ചെയ്യും.



ഓരോ ഗോൾ സെന്ററിലും 2022 നവംബർ 11 മുതൽ ഒരു പരിശീലകന്റെ നേതൃത്വത്തിൽ 100 കുട്ടികൾക്ക് ഒരു മണിക്കൂർ വീതം പ്രത്യേകം തയ്യാറാക്കിയ പാഠക്രമം അനുസരിച്ചുള്ള പരിശീലനമാണ് നൽകുന്നത്. പരിശീലകനെ തദ്ദേശതലത്തിൽ നിന്ന് തന്നെ കണ്ടെത്തേണ്ടതാണ്. 2022 നവംബർ 20ന് പരിശീലനാന്ത്യം ഓരോ കേന്ദ്രത്തിലും ഓരോ കുട്ടിയും ബോധവൽകരണത്തിലൂടെ ഗോൾ സെന്ററിൽ എത്തിക്കുന്ന 10 പേർക്ക് വീതം ഓരോ ഗോൾ സ്കോർ ചെയ്യുന്നതിനുള്ള അവസരം നൽകും. അതിലൂടെ ഈ ക്യാമ്പയിന്റെ ഭാഗമായി 1000 ഗോളുകൾ ഓരോ സെന്ററിലും സ്കോർ ചെയ്യപ്പെടുകയും അങ്ങനെ സംസ്ഥാനത്താകെ 10,00,000 ഗോളുകൾ സ്കോർ ചെയ്ത് ഈ ക്യാമ്പയിൻ വിജയിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഈ പരിപാടി സംഘടിപ്പിക്കുന്നതിനുള്ള അധികപണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും, മറ്റ് സ്പോൺസർഷിപ്പിലൂടെയും കണ്ടെത്താവുന്നതാണ്.

## വൺ മില്യൺ ഗോൾ അംബാസിഡർമാർ

വൺ മില്യൺ ഗോൾ ക്യാമ്പയിന്റെയും പരിശീലനത്തിന്റെയും വിജയത്തിനായി ഓരോ ജില്ലയിലേയ്ക്കുമായി തെരഞ്ഞെടുത്തിട്ടുള്ള അംബാസിഡർമാർ വ്യാപകമായ പ്രചരണപരിപാടികൾക്ക് മേൽനോട്ടം വഹിക്കേണ്ടതും ഫുട്ബോൾ ട്രയിനർമാരെ സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെ ഓരോ സെന്ററിലേക്കും കണ്ടെത്തി നൽകേണ്ടതും പരിശീലന പ്രചരണ പരിപാടികൾക്ക് നേതൃപരമായ ചുമതല വഹിക്കേണ്ടതുമാണ്. പരിശീലനത്തെ സംബന്ധിച്ച സംശയങ്ങൾ അതാത് ജില്ലയുടെ ചുമതലയുള്ള വൺ മില്യൺ ഗോൾ അംബാസിഡർമാർ ദൂരീകരിക്കുകയും വിവിധ ഗോൾ സെന്റർ സന്ദർശിച്ച് പരിശീലനത്തെ സഹായിക്കുകയും ചെയ്യും.

# വൺ മില്യൺ ഗോൾ ക്യാമ്പയിൻ

2022 ഖത്തർ ലോകകപ്പിന് മുന്നോടിയായി സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിലും ഫുട്ബോൾ കളിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും കുട്ടികളെയും യുവതലമുറയെയും കായിക ലോകത്തേക്ക് എത്തിക്കുകയും ചെയ്യുന്നതിന് വേണ്ടി കേരള സർക്കാർ നടത്തുന്ന ഒരു പ്രചരണ പരിപാടിയാണ് വൺ മില്യൺ ഗോൾ. സംസ്ഥാനത്താകെ 1000 കേന്ദ്രങ്ങളിലായി ഈ പദ്ധതിയിലൂടെ പരിശീലനം നേടിയിട്ടുള്ള കുട്ടികൾ അതത് കേന്ദ്രങ്ങളിൽ വിവിധ പ്രായ പരിധിയിലുള്ള 10 പേരെ വീതമെങ്കിലും പങ്കെടുപ്പിച്ച് 1000 ഗോളുകൾ സ്കോർ ചെയ്യുന്നതാണ് ഈ പ്രചരണ പരിപാടി. ഇതുമായി ബന്ധപ്പെട്ട അനുബന്ധ ഫോർമാറ്റുകൾ പൂരിപ്പിച്ചു എന്ന് ട്രെയിനർ ഉറപ്പുവരുത്തേണ്ടതാണ്.



## റിപ്പോർട്ടിംഗ്

വൺ മില്യൺ ഗോളുമായി ബന്ധപ്പെട്ട് dsya.kerala.gov.in എന്ന വെബ്സൈറ്റിലുള്ള ഫോർമാറ്റുകൾ പൂരിപ്പിച്ച് വിശദമായ റിപ്പോർട്ടും, ഫോട്ടോയും, വീഡിയോയും (സോഫ്റ്റ് കോപ്പി) ജില്ലാ സ്പോർട്സ് കൗൺസിൽ മുഖേന സ്പോർട്സ് കേരള ഫൗണ്ടേഷൻ ഓഫീസിൽ എത്തിക്കേണ്ടതാണ്. വരവ് ചെലവ് കണക്കുകളുടെ വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റും അനുബന്ധമായി നൽകേണ്ടതാണ്.

# അരികിലെത്തുന്നു ആവേശപ്പന്ത്!

WEBSITE

FACEBOOK

INSTAGRAM

Directorate of
Sports & Youth Affairs